ഉത്തരം

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേന്ദ്ര സർക്കാരിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 15.54 ലക്ഷം ആണ്. ഇതിൽ 4.718 ലക്ഷം കുടുംബങ്ങളെ അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡൊന്നിന് പ്രതിമാസം 35 കി.ഗ്രാം അരി വിതരണം ചെയ്തുവരുന്നു. ബാക്കി വരുന്ന 10.822 ലക്ഷം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം കാർഡൊന്നിന് 35 കി.ഗ്രാം ഭക്ഷ്യ ധാന്യങ്ങൾ (75% അരി, 25% ഗോതമ്പ്) കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്നുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരം അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 4,718 ലക്ഷം കുടുംബങ്ങളെ കൂടാതെ 15.74 ലക്ഷം കുടുംബങ്ങൾകൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള. വിഭാഗത്തിൽ ഉണ്ട്. കേന്ദ്ര സർക്കാർ 10.822 ലക്ഷം കുടുംബങ്ങൾക്കായി അനുവദിച്ചുതരുന്ന ഭക്ഷ്യധാന്യങ്ങൾ 15.74 ലക്ഷം കുടുംബങ്ങൾക്കായി വീതിച്ചു നൽകിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ കണക്കുപ്രകാരം മുഴുവൻ ബി. പി. എൽ. കുടുംബങ്ങൾക്കും ബി.പി.എൽ. പദ്ധതി പ്രകാരമുള്ള അരി അനുവദിച്ചുതരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല.

ഇക്കോ ടൂറിസം മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

21 [* 330] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കോ ടൂറിസം മേഖലയുടെ വികസനത്തിന് വിനോദ സഞ്ചാര വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലാർ, കൊല്ലം ജില്ലയിലെ പാലരുവി, തെന്മല, പത്തനംതിട്ട ജില്ലയിലെ കോന്നി, കണ്ണൂർ ജില്ലയിലെ ആറളം, ഇടുക്കി ജില്ലയിലെ തൊമ്മൻകുത്ത്, തേക്കടി, ഇരവികുളം ദേശീയ പാർക്ക്, ചിന്നാർ വന്യജീവി സങ്കേതം, പാലക്കാട് ജില്ലയിലെ നെല്ലിയാംപതി, പറമ്പിക്കുളം, കണ്ണൂർ ജില്ലയിലെ പൈതൽമല തുടങ്ങിയ സ്ഥലങ്ങളിലാണ്. ഇക്കോ ടൂറിസം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും അതുപോലെ ശുദ്ധജലതടാകങ്ങൾ, കണ്ടൽ കാടുകൾ, പക്ഷിസങ്കേതങ്ങൾ തുടങ്ങിയ ഇക്കോ ടൂറിസത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ അധികാര പരിധിയിലാണ്. ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പത്താം പദ്ധതിക്കാലത്തെ വൈദ്യുതി ഉൽപ്പാദനം

1 [1898] ശ്രീ. വി. ജെ. പൗലോസ്:
,, കെ. ബാബു:
,, കെ. അച്ചുതൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതി (2002-07) കാലത്ത് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം എത്രകണ്ട് വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതിയുടെ ഉല്പാദനം എത്രകണ്ട് വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിൽ എത്ര കണ്ട് ഇതിനുള്ളിൽ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതി ഉൽപാദനം, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയ്ക്കുവേണ്ടി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്താം പദ്ധതി അവസാനിക്കുമ്പോൾ അതായത് 2006-07 അവസാനം സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം 22998 ദശലക്ഷം യൂണിറ്റായി വർദ്ധിക്കുമെന്നാണ് പതിനാറാം പവർ സർവ്വേ പ്രകാരം കണക്കാക്കിയിരിക്കുന്നത്.

(ബി) പത്താം പദ്ധതിക്കാലത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്നായി 176.35 മെഗാവാട്ട് (790.65 ദശലക്ഷം യൂണിറ്റ്) സ്വകാര്യ താപനിലയങ്ങളിൽ നിന്നായി 605 മെഗാവാട്ട് (3755 ദശലക്ഷം യൂണിറ്റ്) കേന്ദ്ര താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വിഹിതമായി 340 മെഗാവാട്ട് (2380 ദശലക്ഷം യൂണിറ്റ്) എന്നിങ്ങനെയായി ആകെ 1121.35 മെഗാവാട്ട് (6925.65 ദശലക്ഷം യൂണിറ്റ്) വൈദ്യുതി അധികമായി ലഭ്യമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly